©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം, തിങ്കൾ<br>Thiruvananthapuram, Monday | 2022 സെപ്റ്റംബർ 19<br>19th September 2022<br>1198 കന്നി 3<br>3rd Kanni 1198<br>1944 ഭാദ്രം 28<br>28th Bhadra 1944 | നമ്പർ No. 3187 |

### ചേർത്തല നഗരസഭ

### വിജ്ഞാപനം

ടി പി 1-12689/2022 2022 സെപ്റ്റംബർ 19

**2016- ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൻറെ (2016 ലെ9) 36-ആം വകുപ്പിൻറെ (4)-ആം ഉപവകുപ്പ് പ്രകാരം കരട് മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചത് സംബന്ധിച്ചുള്ള നോട്ടീസ്**

താഴെ പറയുന്ന അതിരുകളോട് കൂടിയ തദ്ദേശ ആസൂത്രണ പ്രദേശത്തിൻറെ കരട് മാസ്റ്റർ പ്ലാൻ ചേർത്തല മുനിസിപ്പൽ കൌൺസിൽ പരിഷ്ക്കരണങ്ങളോട് കൂടി സ്വീകരിച്ചത് ചേർത്തല മുനിസിപ്പൽ കൌൺസിലിൻറെ ഔദ്യോഗിക വെബ്

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സൈറ്റായ www.cherthalamunicipality.lsgkerala.gov.in -ൽ 2016 -ലെ കേരള നഗര-ഗ്രാമാസൂത്രണ ആക്ടിൻറെ 2016 ലെ 9) 36-ആം വകുപ്പ് (4) ആം ഉപവകുപ്പ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്ന് ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

വടക്ക് – വയലാർ, ചേന്നം-പള്ളിപ്പുറം ഗ്രാമ പഞ്ചായത്തുകൾ

കിഴക്ക് - തണ്ണീർമുക്കം ഗ്രാമ പഞ്ചായത്ത്

തെക്ക് - ചേർത്തല ഗ്രാമ പഞ്ചായത്ത്

പടിഞ്ഞാറ് - ചേർത്തല തെക്ക്, കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തുകൾ

കരട് മാസ്റ്റർ പ്ലാൻ പ്രദേശത്ത് നിലവിലുള്ള വിശദ നഗരാസൂത്രണ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ

എ) അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ - നിലവിലില്ല

ബി) പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ -

1. Detailed Town Planning Scheme for Muttom Bazar Area in Cherthala.

സി) മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി റദ്ദാക്കാൻ ഉദ്ദേശിക്കുന്ന വിശദ നഗരാസൂത്രണ പദ്ധതികൾ കാരണ സഹിതം വിശദീകരിക്കുക - അംഗീകരിച്ച വിശദ നഗരാസൂത്രണ പദ്ധതികൾ നിലവിലില്ലാത്തതിനാൽ ബാധകമല്ല.

ഡി) നിലനിർത്തുന്ന വിശദ നഗരാസൂത്രണപദ്ധതികൾ- കേരള നഗര-ഗ്രാമാസൂത്രണ ആക്ട് 2016 വകുപ്പ് 62(5) പ്രകാരം, ഒരു പ്രദേശത്ത് പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനും, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയും നിലവിലുള്ള സംഗതിയിൽ, പ്രസിദ്ധീകരിച്ച വിശദ നഗരാസൂത്രണ പദ്ധതിയിലെ വ്യവസ്ഥകൾ പ്രസിദ്ധീകരിച്ച മാസ്റ്റർപ്ലാനിലെ വ്യവസ്ഥകൾക്ക് മേൽ നിലനിൽക്കുന്നതാണ്.

കരട് മാസ്റ്റർ പ്ലാനിൻറെ പകർപ്പ്പ്രവൃത്തി സമയത്ത് പൊതുജനങ്ങൾക്ക് പരിശോധനയ്ക്കായി ചേർത്തല മുനിസിപ്പൽ കൌൺസിൽ ഓഫീസിലും ലഭ്യമാണ്.

പ്ലാനിൽ താത്പര്യമുള്ള ഏതൊരാൾക്കും ഇത് സംബന്ധിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും പ്രസിദ്ധീകരണം സംബന്ധിച്ച നോട്ടീസ് ഔദ്യോഗിക ഗസറ്റിൽ വന്ന തീയതി മുതൽ അറുപത് ദിവസത്തിനകം ചേർത്തല മുനിസിപ്പൽ കൌൺസിൽ സെക്രട്ടറിയ്ക്ക് രേഖാമൂലം എഴുതി നൽകാവുന്നതാണ്.

2016- ലെ കേരള നഗര-ഗ്രാമൂസത്രണ അക്റ്റ് (2016-ലെ9) 61-ആം വകുപ്പ് പ്രകാരം ബാധകമായ നിയന്ത്രണങ്ങൾക്കനുസൃതമല്ലാത്ത

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

യാതൊരാളും ഏതെങ്കിലും ഭൂമി വിനിയോഗിക്കുകയോ വിനിയോഗിക്കാൻ ഇടയാക്കുകയോ ഏതെങ്കിലും ഭൂമി വകസനം നടപ്പാക്കുകയോ ഭൂമി വിനിയോഗത്തിന് മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടുള്ളതല്ല.

ഒപ്പ്

സെക്രട്ടറി

ചേർത്തല നഗരസഭ

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.09.19 05:28:32 +05:30